(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും ഭരണ ഇതര ചെലവുകൾകൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട്. 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. സ്മാർട്ട് സിറ്റിയിലെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയുള്ളൂ.

സ്മാർട്ട് സിറ്റി നിർമ്മാണം

267 (634) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റിക്കായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ എത്രചതുരശ്ര അടി വിസ്തൃതിയുള്ള ഭാഗം പാട്ടത്തിന് നൽകുവാനുണ്ട് ; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്ര ;

(ബി) ഏതെല്ലാം ഐ.ടി. കമ്പനികൾ എത്ര ചതുരശ്ര അടി വീതം കെട്ടിടം പാട്ടത്തിന് എടുത്തിട്ടുണ്ട് ; പാട്ടത്തിന്റെ നിരക്ക്, എടുത്തിരിക്കുന്ന വർഷം, ജോലി ചെയ്യാൻ കഴിയുന്ന ആളുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ; സ്ഥലം പാട്ടത്തിനെടുത്ത ഏതെങ്കിലും കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) സ്മാർട്ട് സിറ്റി പദ്ധതിക്ക് വേണ്ടി ഭൂമിയ്ക്കായി ഉൾപ്പെടെ ആകെ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട് ; ടീകോം കമ്പനി ചെലവഴിച്ച തുക എത്ര ; ബാങ്ക് ലോൺ എത്ര ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 6.5 ലക്ഷം സ്വയർ ഫീറ്റാണ്. അതിൽ 4.5 ലക്ഷം സ്വയർ ഫീറ്റാണ് പാട്ടത്തിന് നൽകാവുന്നത്.

(ബി) കെട്ടിടം പണി പൂർത്തിയാവുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും ഭരണ ഇതര ചെലവുകൾ കൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട് 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly